2024
MARCH
02
SATURDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## കള്ളപ്പണം വെളുപ്പിക്കൽ: പേയ്ടിഎം ബാങ്കിന് 5.49 കോടി പിഴ ചുമത്തി ഫിനാൻഷ്യൽ ഇന്റലിജൻസ് യൂണിറ്റ്




**ന്യൂഡൽഹി:** റിസർവ് ബാങ്ക് നടപടിക്കു പിന്നാലെ പേയ്ടിഎം പേയ്മെന്റ് ബാങ്കിന് വീണ്ടും തിരിച്ചടിയായി 5.49 കോടി രൂപ പിഴ. കള്ളപ്പണം വെളുപ്പിക്കൽ ആരോപിച്ച് ഫിനാൻഷ്യൽ ഇന്റലിജൻസ് യൂണിറ്റ്ഇന്ത്യ (എഫ്ഐയുഐഎൻഡി) ആണ് പിഴ ചുമത്തിയത്. ഓൺലൈൻ ചൂതാട്ടം ഉൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് കേന്ദ്ര ഏജൻസികളിൽനിന്നു ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിലാണ് നടപടിയെന്ന് എഫ്ഐയുഐഎൻഡി ഔദ്യോഗിക പ്രസ്താവനയിൽ അറിയിച്ചു.

കള്ളപ്പണം വെളുപ്പിക്കൽ തടയൽ നിയമത്തിന്റെ (പിഎംഎൽഎ) വ്യവസ്ഥകൾ ലംഘിച്ച് പേയ്ടിഎം പേയ്മെന്റ് ബാങ്ക് വഴി ചില സ്ഥാപനങ്ങൾ നിയമവിരുദ്ധമായി ഫണ്ടുകൾ കൈമാറ്റം ചെയ്തതായി എഫ്ഐയുഐഎൻഡി അറിയിച്ചു. അതേസമയം, രണ്ടു വർഷം മുൻപു തന്നെ നിർത്തലാക്കിയ ബിസിനസ് സെഗ്മെന്റിലെ പ്രശ്നങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് പിഴ ചുമത്തിയതെന്ന് പേയ്ടിഎം അറിയിച്ചു.

വിവിധ ചട്ടലംഘനങ്ങളുടെ പേരിലാണ് പേയ്ടിഎമ്മിനെതിരെ ആർബിഐ നടപടിയെടുത്തത്. ഫെബ്രുവരി 29ന് ശേഷം പേയ്ടിഎം ബാങ്കിന്റെ സേവിങ്സ്/കറന്റ് അക്കൗണ്ടുകൾ, വോലറ്റ്, ഫാസ്ടാഗ്, നാഷനൽ കോമൺ മൊബിലിറ്റി കാർഡ് എന്നിവയിൽ പണം നിക്ഷേപിക്കുന്നതാണ് ആർബിഐ വിലക്കിയത്. ഇതിന്റെ സമയപരിധി പിന്നീട് മാർച്ച് 15 വരെ നീട്ടി.

## സാമ്പത്തിക പ്രതിസന്ധി
# ചരിത്രത്തിലാദ്യമായി ശമ്പളം മുടങ്ങി; പെൻഷൻ വൈകി

**തിരുവനന്തപുരം:** സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി ഏറ്റവും രൂക്ഷമായ ഘട്ടത്തിലേക്കു കടന്നതോടെ ചരിത്രത്തിലാദ്യമായി കേരളത്തിൽ സർക്കാർ ജീവനക്കാരുടെ ശമ്പളം മുടങ്ങി. മുൻപും ട്രഷറി പ്രതിസന്ധിയിലായി ബില്ലുകൾ പാസാക്കുന്നതു നിർത്തിവച്ചിട്ടുണ്ടെങ്കിലും അതൊന്നും ശമ്പളദിവസങ്ങളിലായിരുന്നില്ല. അതിനാൽ ശമ്പളം മുടങ്ങുന്നത് ഒഴിവായിരുന്നു. എന്നാൽ, ഇന്നലെ ട്രഷറിയിൽ ശമ്പളവും പെൻഷനും നൽകാൻ പണം ഇല്ലാതെ വന്നതോടെ ജീവനക്കാരുടെ ട്രഷറി ശമ്പള അക്കൗണ്ടുകൾ സർക്കാർ മരവിപ്പിച്ചു. അക്കൗണ്ടിൽ ശമ്പളം എത്തിയിട്ടുണ്ടെന്നു കാണിച്ചെങ്കിലും ഈ തുക ബാങ്കിലേക്കു കൈമാറാനോ പണമായി പിൻവലിക്കാനോ കഴിഞ്ഞില്ല.



5 ലക്ഷം പെൻഷൻകാരിൽ ബാങ്കു വഴി പെൻഷൻ വാങ്ങുന്ന ഒന്നേകാൽ ലക്ഷം പേരുടെ അക്കൗണ്ടുകളിലേക്കും രാവിലെ പണമെത്തിക്കാൻ കഴിഞ്ഞില്ല. വൈകിട്ട് 5നാണ് ഇതിനുള്ള പണം കൈമാറിയത്. ഇവർക്ക് ഇന്നു പെൻഷൻ കൈപ്പറ്റാം. എന്നാൽ, ട്രഷറിയിൽനിന്നു നേരിട്ടു പെൻഷൻ കൈപ്പറ്റുന്നവർക്കു തടസ്സം നേരിട്ടിട്ടില്ല. ആകെയുള്ള അഞ്ചേകാൽ ലക്ഷം സർക്കാർ ജീവനക്കാരിൽ സെക്രട്ടേറിയറ്റ്, റവന്യു, പൊലീസ്, ട്രഷറി, ജിഎസ്ടി തുടങ്ങിയ വകുപ്പുകളിലെ ഒരു ലക്ഷത്തോളം ജീവനക്കാർക്കാണ് ആദ്യ ദിവസം ശമ്പളം നൽകുന്നത്.

ആദ്യം ട്രഷറിയിലെ ഇടിഎസ്ബി (എംപ്ലോയീ ട്രഷറി സേവിങ്സ് ബാങ്ക്) അക്കൗണ്ടിൽ നിക്ഷേപിക്കുന്ന പണം അവിടെനിന്ന് ബാങ്കിലേക്കു പോകുന്ന തരത്തിലാണു ക്രമീകരിച്ചിട്ടുള്ളത്. എന്നാൽ, ഇന്നലെ ഇടിഎസ്ബിയിലേക്ക് എത്തിയതായി കാണിച്ച പണം ബാങ്കിലേക്കു പോയില്ല. ജീവനക്കാർ ഇടിഎസ്ബിയിൽ നിന്ന് ഓൺലൈനായി പണം ബാങ്കിലേക്കു മാറ്റാൻ ശ്രമിച്ചെങ്കിലും അക്കൗണ്ട് മരവിപ്പിച്ച നിലയിലായിരുന്നു.

ശമ്പളം നൽകിയെന്നു വരുത്താനാണ് സർക്കാർ ഈ വളഞ്ഞ വഴി സ്വീകരിച്ചത്. ഇന്നു ശമ്പളം വിതരണം ചെയ്യാൻ കഴിയുമോ എന്നാരാഞ്ഞപ്പോൾ വ്യക്തമായ ഉത്തരം നൽകാൻ ധനവകുപ്പിനോ ട്രഷറി അധികൃതർക്കോ കഴിഞ്ഞില്ല. സാങ്കേതികതടസ്സം കാരണമാണു ശമ്പളം അക്കൗണ്ടിൽ എത്താത്തത് എന്നാണ് ഔദ്യോഗിക വിശദീകരണം.

## ഇലക്ട്രിക് വേൾഡ് എക്സ്പോയ്ക്ക് തുടക്കം

**കൊച്ചി:** സ്വന്തമായൊരു വീട് അത് ഏവരുടെയും സ്വപ്നമാണ്. പുതുതായി വീട് പണിയുന്നവർക്ക് വൈദ്യുതിയുമായി ബന്ധപ്പെട്ടുള്ള എന്ത് ചോദ്യങ്ങൾക്കുമുള്ള ഉത്തരവുമായാണ് മറൈൻ ഡ്രൈവിൽ ഇലക്ട്രിക്കൽ എൻജിനീയറിങ് എക്സ്പോ ആരംഭിച്ചിരിക്കുന്നത്.

വീടിൻറെ ഇലക്ട്രിക്കൽ മേഖലയുമായി ബന്ധപ്പെട്ടുള്ള എല്ലാ സംശയങ്ങൾക്കുമുള്ള ഉത്തരങ്ങൾ എക്സ്പോയിലുണ്ട്. വോൾട്ടേജ് കൂടിയാലോ ഇടിമിന്നൽ ഉണ്ടായാലോ ഇലക്ട്രോണിക് ഉപകരണങ്ങൾ കത്തിപ്പോകുന്നത് പതിവാണ്. അതിൽ നിന്ന് എങ്ങനെ ഉപകരണങ്ങളെയും വീടിനെയും സംരക്ഷിക്കാം തുടങ്ങി സർജ് പ്രൊട്ടക്ഷൻ ഡിവൈസ് മുതൽ അത്യാധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അറിവുകൾ നമുക്ക് ലഭിക്കും.

50,000 ചതുരശ്രയടിയിൽ ശീതീകരിച്ച വേദിയിൽ നടക്കുന്ന എക്സിബിഷനിൽ ഉത്പാദനം, വിതരണം, പ്രസരണം, ലൈറ്റിങ്, പവർ ടൂളുകൾ എന്നീ മേഖലകളിലെ അത്യാധുനിക സാങ്കേതിക വിദ്യകളാണ് എക്സ്പോയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻനിര ബ്രാൻഡുകളായ ഹാവെൽസ്,



ലൂക്കർ, വിഗാർഡ് തുടങ്ങിയ കമ്പനികളുടെ സ്വിച്ചുകൾ, വിവിധയിനം ലൈറ്റുകൾ, ഫാനുകൾ, വയറുകൾ, ജനറേറ്ററുകൾ, മീറ്ററുകൾ തുടങ്ങി ഒരു വീടിനാവശ്യമായ സാധാരണക്കാരൻറെ കൈപ്പിടിയിലൊതുങ്ങുന്ന ചെറുതും വലുതുമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ വലിയ ശേഖരമാണ് ഒരുക്കിയിരിക്കുന്നത്.

മന്ത്രി പി. രാജീവ് എസക്സ്പോ ഉദ്ഘാടനം ചെയ്തു. കേരളത്തിലെ എ ഗ്രേഡ് ഇലക്ട്രിക്കൽ കോൺട്രാക്റ്റർമാരുടെ അസോസിയേഷനായ കെൽക്കോണാണ് എക്സ്പോ സംഘടിപ്പിച്ചിരിക്കുന്നത്.

സുരക്ഷ, ഊർജ സംരക്ഷണം എന്നീ മേഖലകളിൽ പൊതുജനബോധവത്കരണത്തിൻറെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളും കേരള സ്റ്റേറ്റ് ഇലക്ട്രിക്കൽ ഇൻസ്പെക്റ്ററേറ്റ്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, എംഎസ്എംഇ തുടങ്ങി നൂറിലധികം സ്റ്റാളുകളാണുള്ളത്.

വൈദ്യുത രംഗത്തെയും നിർമാണമേഖലയിലെയും നൂതനസാങ്കേതിക വിദ്യകളെയും ഉപകരണങ്ങളെയും പരിചയപ്പെടുത്തുന്ന ഇലക്ട്രിക്കൽ എൻജിനീയറിങ് പ്രദർശനം ഇലക്ട്രിക് വേൾഡ് എക്സ്പോ തിങ്കളാഴ്ച സമാപിക്കും.





കടവന്ത്ര ഇന്ദിരാ ഗാന്ധി സഹകരണ ആശുപത്രിയിൽ ബീമ ജൂവലേഴ്സിന്റെ സഹകരണത്തോടെ ആരംഭിച്ച കാർഡിയോ തൊറാസിക് ആന്റ് വാസ്കുലാർ സർജറി വിഭാഗത്തിന്റെ ഉദ്ഘാടനം കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് ദേവൻ രാമചന്ദ്രൻ നിർവ്വഹിക്കുന്നു. ഡോ.ഹസീന മുഹമ്മദ്, ടി.ജെ.വിനോദ് എം.എൽ.എ, അജയ് തറയിൽ, ഡോ.എം.എം.ഹനീഷ്, അഗസ്റ്റസ് സിറിൾ, ബി.എ.അബ്ദുൾ മുത്തലിബ്, എം.ഒ.ജോൺ, ഡോ.ജോർജ് ജെ.വാളൂരാൻ, ഡോ.ജിയോ പോൾ സി, എൻ.എ അബ്രാഹം, ബിന്ദു മാധവ്, വി.എ.അഷറഫ്, ഇക്ബാൽ വലിയവീട്ടിൽ എന്നിവർ സമീപം.

# ആശുപത്രിയുടെ വിജയ ഘടകം രോഗികളോടുള്ള സൗമ്യമായ പെരുമാറ്റം: ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

**കൊച്ചി:** ഒരു ആശുപത്രിയിൽ എത്രമാത്രം അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെങ്കിലും അവിടെ ചികിൽസ തേടിയെത്തുന്ന രോഗികളോടുള്ള ആരോഗ്യപ്രവർത്തകരുടെ സൗമ്യമായ പെരുമാറ്റവും അനുകമ്പയുമാണ് ആശുപത്രിയുടെ പ്രധാന വിജയഘടകമെന്ന് കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ. എറണാകുളം കടവന്ത്ര ഇന്ദിരാ ഗാന്ധി സഹകരണ ആശുപത്രിയിൽ ഭീമാ ജുവല്ലേഴ്സിന്റെ സഹകരണത്തോടെ ആരംഭിച്ച കാർഡിയോ തൊറാസിക് ആന്റ് വാസ്കുലാർ സർജറി വിഭാഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

രോഗിയുടെ അസുഖം മാറ്റുന്നത് മരുന്നുകൾ മാത്രമല്ല മറിച്ച് ഡോക്ടറിലും നേഴ്മാരിലും രോഗിക്കുള്ള വിശ്വാസം കൂടിയാണ്. ഈ വിശ്വാസത്തിലൂടെയാണ് ആശുപത്രി സംവിധാനം തന്നെ മുന്നോട്ടു പോകുന്നതെന്നും ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ വ്യക്തമാക്കി. ഒരോ ആശുപത്രിയുടെയും ശക്തി അവിടുത്തെ നേഴ്സിംഗ് സ്റ്റാഫാണ്. ഇത് പറയപ്പെടാതെ പോകുന്ന സത്യമാണ്. ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് ആവശ്യമായ പരിചരണം നൽകുന്നത് ഡോക്ടർമാർ മാത്രമല്ല ഇതിനു മുന്നിൽ നിൽക്കുന്നത് നേഴ്സുമാരാണെന്നും ആരോഗ്യപ്രവർത്തകർക്ക് ലഭിക്കുന്ന ബഹുമാനം വളരെ വലുതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഭീമാ ജുവലേഴ്സിന്റെ സിഎസ്ആർ ഫണ്ടിൽ നിന്നുള്ള രണ്ടു കോടി ഉപയോഗിച്ചാണ് കാർഡിയോ തൊറാസിക് ആന്റ് വാസ്കുലാർ സർജറി വിഭാഗം തയ്യാറാക്കിയിരിക്കുന്നത്. രണ്ടു കോടിയുടെ ചെക്കും ചടങ്ങിൽ ഭീമാ ജുവലേഴ്സ് ചെയർമാൻ ബിന്ദു മാധവ് ആശുപത്രി ഭരണസമിതിക്ക് കൈമാറി. ആശുപത്രി പ്രസിഡന്റ് എം.ഒ ജോൺ അധ്യക്ഷത വഹിച്ചു. ടി.ജെ.വിനോദ് എം.എൽ.എ, ഐ.എം.എ കൊച്ചി പ്രസിഡന്റ് ഡോ. എം.എം.ഹനീഷ്, ആശുപത്രി സെക്രട്ടറി അജയ് തറയിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ.സി.കെ.ബാലൻ, ആശുപത്രി ഡയറക്ടർമാരായ അഗസ്റ്റസ് സിറിൾ, പി വി അഷറഫ്, ഡോ.ഹസീന മുഹമ്മദ്, ഇക്ബാൽ വലിയവീട്ടിൽ, ഇന്ദിരാബായി പ്രസാദ്, എൻ.എ.അബ്രാഹം, ടി.എച്ച് റാഷിദ്,പി.ഡി.അശോകൻ, കെ.പി.വിജയകുമാർ, അഡ്വ.ബി.എ.അബ്ദുൾ മുത്തലിബ്, ഡോ.ജോർജ് ജെ.വാളൂരാൻ, ഡോ.ജിയോ പോൾ സി തുടങ്ങിയവർ സംസാരിച്ചു.

# കോളജുകൾ കേന്ദ്രീകരിച്ച് റണ്ണിങ് ക്ലബുകൾ: റൺ ദെം യങ് പദ്ധതിക്ക് തുടക്കമിട്ട് ക്ലിയോസ്പോർട്സ്

**കൊച്ചി:** സ്കൂൾകോളജുകൾ കേന്ദ്രീകരിച്ച് റണ്ണിങ് ക്ലബുകൾക്ക് തുടക്കമിട്ട ക്ലിയോസ്പോർട്സ്. കോളേജ് അഡ്മിനിസ്ട്രേഷനുകളുടെയും കായികാധ്യാപകരുടെയും സഹകരണത്തോടെ പുതുതലമുറയിൽ ദീർഘദൂര ഓട്ടക്കാരെ വാർത്തെടുക്കുക, ചെറുപ്പം മുതൽ ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യത്തോടെയാണ് ക്ലിയോസ്പോർട്സ് റൺ ദെം യങ് പദ്ധതിക്ക് തുടക്കമിടുന്നത്.പദ്ധതിയുടെ ആദ്യഘട്ടത്തിന് കൊച്ചിയിലെ ആൽബർട്ട്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ (എഐഎം) തുടക്കമായി. ക്യൂൻസ് വാക്ക് വേയിൽ നടന്ന ചടങ്ങിൽ എഐഎം ചെയർമാൻ ഫാ. ആന്റണി തോപ്പിൽ പദ്ധതിയുടെ ലോഗോ പ്രകാശനം ചെയ്തു. പുതുതലമുറയ്ക്ക് നല്ല ആരോഗ്യം വാർത്തെടുക്കുവാൻ കായിക വിനോദമെന്ന നിലയിൽ ഓട്ടത്തിന് ഊന്നൽ നൽകിയുള്ള പദ്ധതി ഏറെ പ്രതീക്ഷ നൽകുന്നതായി ഫാ. ആന്റണി തോപ്പിൽ അഭിപ്രായപ്പെട്ടു. ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോൺ, ക്ലിയോസ്പോർട്സ് എന്നിവരുമായുള്ള ആൽബർട്ട്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ സഹകരണം മറ്റു കോളജുകൾക്കും കൂടുതൽ വിദ്യാർത്ഥികൾക്കും പ്രചോദനമാകും. കോളജ്, സർവകലാശാല കായിക വിഭാഗത്തിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന ഒരു വർഷം നീണ്ടുനിൽക്കുന്ന പദ്ധതിയുടെ ഭാഗമായി കായിക തത്പരരായ വിദ്യാർത്ഥികൾക്ക് മാർഗ നിർദേശം നൽകുവാൻ മാരത്തോൺ ഓട്ടക്കാരായ ഗോപി ടി, ഒ.പി ജെയ്ഷ എന്നിവരെ ഉൾപ്പെടുത്തി വിദഗ്ദ്ധ സമിതി രൂപീകരിക്കും. ഇവരുടെ സഹായത്താൽ വിദ്യാർത്ഥികൾക്കായി പരിശീലനവും നൽകും.

പ്രായഭേദമന്യേ എല്ലാവരെയും ആകർഷിച്ച ഫെഡറൽ ബാങ്ക് കൊച്ചി മാരത്തോണിന്റെ വിജയത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് പുതിയ കായിക സംസ്കാരം കോളജുകളിലേക്ക് വ്യാപിപ്പിക്കാൻ 'റൺ ദെം യങ് ' പദ്ധതിക്ക് തുടക്കം കുറിച്ചതെന്ന് ക്ലിയോസ്പോർട്സ് ഡയറക്ടർ അനീഷ് പോൾ പറഞ്ഞു. പദ്ധതിയിലൂടെ കായിക വിനോദങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ആരോഗ്യമുള്ള മാനസികാവസ്ഥ യുവാക്കളിൽ സൃഷ്ടിച്ചെടുക്കാൻ സാധിക്കുമെന്നും അദ്ദേഹം പ്രതീക്ഷ പ്രകടിപ്പിച്ചു. രണ്ട് വർഷത്തിനുള്ളിൽ ഏറെ ഗുണപ്രദമായ 'റൺ ദെം യംഗ് പരിപാടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയാണ് ക്ലിയോസ്പോർട്സിന്റെലക്ഷ്യം




# രണ്ടു വർഷം പിന്നിട്ട് ജിനൂസ്; അംബാസിഡറായി നടി ഭാവന

**കൊച്ചി:** വിവിധ രാജ്യങ്ങളിലേക്കുള്ള കളൂഘടട, ഛളൂഠ തുടങ്ങി മത്സര പരീക്ഷകൾക്ക് ഉദ്യോഗാർഥികൾക്ക് പരിശീലനം നൽകുന്ന ആലപ്പുഴ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജിനൂസ് അക്കാദമി രണ്ടു വർഷം പിന്നിടുന്നു. ചലച്ചിത്ര താരം ഭാവനയാണ് അക്കാദമിയുടെ പുതിയ ബ്രാൻഡ് അംബാസിഡർ

എറണാകുളം, ഗ്രാൻഡ് ഹോട്ടലിൽ നടന്ന പരിപാടിയിൽ ജിനൂസ് അക്കാദമിയുടെ ബ്രാൻഡ് അംബാസഡറായ ഭാവനയുടെ സാനിധ്യത്തിൽ പുതിയ ലോഗോയും, പരസ്യ ചിത്രവും പ്രകാശനം ചെയ്തു. പ്രമുഖ ബ്രാൻഡ് കൺസൾട്ടന്റായ സിജോയ്വർഗീസിന്റെ നേതൃത്വത്തിലാണ് പുതിയ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നത്.ബ്രാൻഡിങ്ങിലും, പരസ്യ ചിത്രങ്ങളിലും, ഇനി ഭാവനയായിരിക്കും ജിനൂസ് അക്കാദമിയുടെ മുഖമായി ഉണ്ടാകുകയെന്ന് ജിനൂസ് അക്കാദമിയുടെ സ്ഥാപകരും മാനേജിംഗ് ഡയറക്ടർമാരുമായ ജിനു ടാലന്റും, ടാലൻറ് വർഗീസും പറഞ്ഞു. ഓൺലൈൻ ക്ലാസുകൾക്ക് പുറമെ സ്ഥാപനത്തിൽ നേരിട്ടുള്ള ക്ലാസ്സുകളും അക്കാദമിയിൽ ലഭ്യമാണ്.വിദേശത്ത് പോയി പഠിക്കാൻ ആഗ്രഹിച്ച ഒരുപാട് പേരുടെ സ്വപ്നം സാക്ഷാൽക്കരിക്കാൻ സഹായിച്ച ജിനൂസ് അക്കാദമിക്ക് ഇനിയുംആയിരക്കണക്കിന് സ്വപ്നങ്ങൾക്ക് ചിറകുനൽകാൻ കഴിയട്ടെയെന്ന് ബ്രാൻഡ് അംബാസിഡർ ഭാവന പറഞ്ഞു.




# ഹോണ്ട എലിവേറ്റ് ഇപ്പോൾ സായുധ സേന കാന്റീനുകളിലും

**ന്യൂഡൽഹി:** ഹോണ്ട എലിവേറ്റ് കാർ സായുധസേനാ കാന്റീൻ സ്റ്റോർ ഡിപ്പാർട്ട്മെന്റുകളിൽ (സിഎസ്ഡി) ലഭ്യമാക്കാനൊരുങ്ങി ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡ് (എച്ച്സിഐഎൽ). നിലവിൽ ഹോണ്ട സിറ്റി, അമേസ് എന്നിവ സിഎസ്ഡി സ്റ്റോറുകളിൽ ലഭ്യമാണ്.

യൂണിഫോമിലുള്ള നമ്മുടെ ഹീറോകൾക്ക് ഹോണ്ട എലിവേറ്റിന്റെ ലഭ്യത നീട്ടുന്നത് ഒരു പ്രത്യേകാവകാശമാണ്. ഈ സംരംഭം നമ്മുടെ രാജ്യത്തെ സേവിക്കുന്നവരെ പിന്തുണയ്ക്കുന്നതിനുള്ള ഞങ്ങളുടെ പ്രതിബദ്ധതയെ ശക്തിപ്പെടുത്തുന്നുവെന്ന് ഹോണ്ട കാർസ് ഇന്ത്യ ലിമിറ്റഡിന്റെ മാർക്കറ്റിംഗ് & സെയിൽസ് വൈസ് പ്രസിഡന്റ് കുനാൽ ബെൽ പറഞ്ഞു.അർബൻ ഫ്രീ സ്റ്റൈലർ' എന്ന ആശയത്തിൽ രൂപകൽപ്പന ചെയ്തിരിക്കുന്ന ഹോണ്ട എലിവേറ്റിന് ബോൾഡും മസ്കുലീനുമായ ഡിസൈനും ഉണ്ട്, കൂടാതെ 6സ്പീഡ് എംടി, 7സ്പീഡ് സിവിടി ഓട്ടോമാറ്റിക് ട്രാൻസ്മിഷനുകളുമായി ജോടിയാക്കിയ ശക്തമായ 1.5ലിറ്റർ ഐവിടെക് പെട്രോൾ എഞ്ചിൻ സജ്ജീകരിച്ചിരിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

# കൊച്ചി ദക്ഷിണേഷ്യയിലെ ആദ്യത്തെ വയോജന സൗഹൃദ നഗരം

**കൊച്ചി:** ലോകാരോഗ്യ സംഘടന (വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ) വയോജന സൗഹൃദ നഗരമായി പ്രഖ്യാപിക്കുന്ന ദക്ഷിണേഷ്യയിലെ ആദ്യത്തെ നഗരം എന്ന സുപ്രധാന നേട്ടം കൊച്ചി കൈവരിച്ചു. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻറെ ആസ്ഥാനമായ ജനീവയിൽ വെച്ചാണ് ഈ സുപ്രധാനപ്രഖ്യാപനം നടന്നത്. കൊച്ചി നഗരം വയോജനങ്ങൾക്കായി നടത്തുന്ന പദ്ധതികൾക്ക് അംഗീകാരമെന്ന നിലയിലും തുടർ പ്രവർത്തനങ്ങൾ മറ്റ് നഗരങ്ങളിലെ പ്രതിനിധികൾക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനുമായി 2023 ജൂൺ 14ാം തീയതി കൊച്ചി മേയർ അഡ്വ. എം.അനിൽകുമാർ ലോകാരോഗ്യ സംഘടനയുടെ ലീഡർ ഷിപ്പ് സമ്മിറ്റിൽ ലോകനഗരങ്ങളുടെ പ്രതിനിധിയായി പങ്കെടുത്തിരുന്നു. വയോജന സൗഹൃദ നഗരം എന്ന പദവി ലഭിക്കുന്നതിന് ഇതും ഒരു പ്രധാന ഘടകമായിരുന്നു.

മുതിർന്ന പൗരന്മാർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലും മാനസികവും ശാരീരികാരോഗ്യത്തിനും അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിനുമായി കഴിഞ്ഞ മൂന്നുവർഷമായി കൊച്ചി നഗരസഭ നടത്തിയ പരിശ്രമങ്ങൾക്കായുള്ള അംഗീകാരമാണ് ഈ വലിയ നേട്ടം. മാജിക്സ് എന്ന സന്നദ്ധ സംഘടന, ഐ.എം.എ. എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശങ്ങൾക്കടിസ്ഥാനമാക്കിയുള്ള നൂതന പദ്ധതികളും പരിപാടികളും നഗരസഭ ഈ കാലയളവിൽ നടപ്പിലാക്കി. പൊതുയിടങ്ങളും കെട്ടിടങ്ങളും വയോജന സൗഹൃദമാക്കുക, മുതിർന്നവരുടെ സാമൂഹികമായ ജീവിതത്തിന് ഉതകുന്ന സൗകര്യങ്ങൾ ഒരുക്കുക, വയോജനങ്ങൾക്ക് ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക, കോളേജുകളുമായി സഹകരിച്ച് നൂതന സാങ്കേതിക വിദ്യയിലുള്ള പരിശീലനം ലഭ്യമാക്കുന്ന വയോവിജ്ഞാനം പദ്ധതി, വയോജനങ്ങൾക്ക് മാത്രമായുള്ള സീനിയർ ടാക്സി സർവീസ്, മാതൃകാ സായം പ്രഭ പകൽ വീട് എന്നിവയടക്കമുള്ള നിരവധി നൂതന പദ്ധതികൾ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി കൊച്ചി നഗരസഭ നടപ്പിലാക്കിയിട്ടുണ്ട്.

മുതിർന്ന പൗരന്മാർക്കായുള്ള ദന്തസംരക്ഷണത്തിൽ ഊന്നിയുള്ള വയോസ്മിതം പദ്ധതി, വയോജനങ്ങളുടെ വിനോദസഞ്ചാര പരിപാടിയായ ജെറിയാട്രിക് ടൂറിസം പദ്ധതി, മുതിർന്ന പൗരന്മാർക്കായുള്ള കായികമേള, മുതിർന്ന പൗരന്മാരുടെ പ്രതിഭ കണ്ടെത്തുന്നതിനായുള്ള വയോപ്രതിഭ പദ്ധതി എന്നിവയും ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. വയോമിത്രം പദ്ധതിയിൽ ഉൾപ്പെടുന്ന ശരാശരി നാലായിരത്തോളം വയോജനങ്ങൾക്ക് പ്രയോജനമാകും വിധം വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. തേവരയിലെ വൃദ്ധസദനം മന്ദിരം, മൂന്ന് ഓൾഡ് എയ്ജ് ഹോം ക്ലിനിക്കുകൾ എന്നിവ അടക്കം നൽപ്പത്തഞ്ചോളം ക്ലിനിക്കുകൾ വയോജനങ്ങൾക്കായി നഗരസഭ നടത്തിവരുന്നുണ്ട്. ജീവിതശൈലീ രോഗങ്ങൾ അടക്കമുള്ള വാർദ്ധക്യസഹജമായ എല്ലാ രോഗങ്ങൾക്കുമുള്ള മരുന്നുകളും ഇൻസുലിൻ അടക്കമുള്ള മറ്റ് ആവശ്യ മരുന്നുകളും വയോജനങ്ങൾക്കായി നൽകിവരുന്നുണ്ട്. നാൽപ്പത്തഞ്ച് ക്ലിനിക്കുകളും കേന്ദ്രീകരിച്ച് വയോജന ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ ക്ലബ്ബ് മുഖേന വിനോദയാത്രാ, കലാപ്രദർശങ്ങൾ, സൗഹൃദ ചർച്ചകൾ, യോഗാ ക്ലാസ്, ബോധവത്ക്കരണ ക്ലാസ് എന്നിവയും സംഘടിപ്പിച്ചുവരുന്നുണ്ട്. വയോജനങ്ങൾക്ക് നിയമസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും കൊച്ചി നഗരസഭ നടപ്പിലാക്കിയിട്ടുണ്ട്. മുതിർന്നവർക്ക് എല്ലാ മേഖലയുമായി ബന്ധപ്പെട്ട സഹായത്തിനു വേണ്ടി രൂപീകരിച്ചിട്ടുള്ള എൽഡർ ഹെൽപ്പ് ലൈൻ പദ്ധതി, എമർജൻസി മാനേജ് മെൻറ് ആൻറ് എമർജൻസി അലേർട്ട് സംവിധാനം, കായിക വിനോദ മേഖലയിൽ മുതിർന്ന പൗരന്മാർക്കൊപ്പം വിവിധ പ്രായവിഭാഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജെനറേഷൻ ഗെയിംഗ് പദ്ധതി, പ്രായമായവരിലെ പോഷകാഹാര ശീലം വർദ്ധിപ്പിക്കുന്നതിനായുള്ള മൈക്രോഗ്രീൻസ് പദ്ധതി, മുതിർന്ന പൗരന്മാർക്ക് അവരുടെ വീടുകളിലെ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്തു നൽകുന്നതിനായുള്ളാ ഹോം മെയിൻറനൻസ് സേവനങ്ങൾ, വയോജനങ്ങൾക്ക് ആവശ്യമായ സൈക്കോളജിക്കൽ കൗൺസിലിംഗ്, ഹോം കൗൺസിലിംഗ്, വൈദ്യ സഹായം തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള സല്ലാപം തുടങ്ങീ പദ്ധതികൾക്കും തുടക്കം കുറിക്കാൻ ഇതിനകം സാധിച്ചിട്ടുണ്ടെന്ന് കൊച്ചി മേയർ അഡ്വ.എം അനിൽകുമാർ പറഞ്ഞു.

സജീവമായ വാർദ്ധക്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രായമായ പൗരന്മാർക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമുള്ള കൊച്ചിയുടെ പ്രതിബദ്ധത ലോകമെമ്പാടുമുള്ള നഗരങ്ങൾക്ക് പ്രചോദനമാകുന്നതിന് കൊച്ചിക്ക് ലഭിച്ച ഈ രാജ്യാന്തര അംഗീകാരം തീർച്ചയായും കാരണമാകും.

എല്ലാ പ്രായത്തിലുള്ളവരെയും ഉൾക്കൊള്ളുന്ന ഒരു സമൂഹം സൃഷ്ടിക്കുന്നതിന് ഈ അംഗീകാരം കൊച്ചിയെ സഹായിക്കും.

സംതൃപ്തവും മാന്യവുമായ ജീവിതം നയിക്കാൻ മുതിർന്നവരെ പിന്തുണയ്ക്കുന്നതിന് ദേശീയഅന്തർദേശീയ സഹകരണങ്ങൾ ഇതിലൂടെ ലഭ്യമാകും. നയപരമായ തീരുമാനങ്ങൾ എടുക്കുന്നതിന് ലോകത്തിൻറെ മറ്റ് ഭാഗങ്ങളുമായി അനുഭവങ്ങൾ പങ്കിടാനുള്ള അവസരവും കൊച്ചി നഗരത്തിനും നമ്മുടെ സംസ്ഥാനത്തിനും ഈ പദവിയിലൂടെ ലഭ്യമാകും.

നഗരസഭയുടെ 202425 സാമ്പത്തിക വർഷത്തെ ബജറ്റിൽ എറ്റവും പ്രാധാന്യം നൽകിയ മേഖല വയോജന സൗഹൃദം ആയിരുന്നു. കൊച്ചിയെ വയോജന സൗഹൃദ നഗരമാക്കുന്നതിന് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾക്കായി അഞ്ച് കോടി രൂപയാണ് ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ നീക്കിയിരിക്കുന്നത്.

കൊച്ചിയെ വയോജന സൗഹൃദ നഗരമാക്കി മാറ്റുന്നതിനുള്ള പദ്ധതികളിൽ കൊച്ചി നഗരസഭയോടൊപ്പം സഹകരിച്ച മാജിക്സ്, ഐ.എം.എ. തുടങ്ങിയ എല്ലാ സംഘനകളേയും ഈ അവസരത്തിൽ അഭിനന്ദിക്കുന്നുവെന്നും മേയർ വ്യക്തമാക്കി.

## ഇന്ത്യാ ഡിജിറ്റൽ ഉച്ചകോടിയിൽ പുരസ്കാരങ്ങളുമായി എയർ ഇന്ത്യ എക്സ്പ്രസ്

**കൊച്ചി:** ഇൻറർനെറ്റ് ആൻഡ് മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യ ആതിഥേയത്വം വഹിച്ച ഇന്ത്യ ഡിജിറ്റൽ ഉച്ചകോടിയിൽ മൂന്ന് പുരസ്കാരങ്ങൾ കരസ്ഥമാക്കി എയർ ഇന്ത്യ എക്സ്പ്രസ്. എയർ ഇന്ത്യ എക്സ്പ്രസിൻറെ ജെൻറർ ന്യൂട്രൽ സവിശേഷതകൾ കണക്കിലെടുത്താണ് ഡിജിറ്റൽ റെസ്പോൺസിബിലിറ്റി അവാർഡ് ലഭിച്ചത്. എക്സ്പ്രസ്സിൽ ടിക്കറ്റ് ബുക്ക് ചെയ്യുമ്പോൾ മിസ്റ്റർ, മിസ് എന്നിവയ്ക്ക് പുറമെ മൂന്നാം ലിംഗക്കാർക്ക് എം.എക്സ് എന്ന സംബോധന തിരഞ്ഞെടുക്കാൻ സാധിക്കും.




വിമാനത്തിലെ അഭിവാദനങ്ങളും ജെൻറർ ന്യൂട്രലാണ്.കഴിഞ്ഞ ഓക്ടോബറിൽ എയർ ഇന്ത്യ എക്സ്പ്രസ്സ് സമഗ്രമായി റീബ്രാൻഡ് ചെയ്തതിന്റെ ഭാഗമായി കമ്പനി പുറത്തിറക്കിയ ഫ്ളൈ ആസ് യു ആർ വീഡിയോ കാംപയിനാണ് മികച്ച വിഡിയോ കാംപെയിനുള്ള ഐമ പുരസ്കാരം സ്വന്തമാക്കിയത്. മികച്ച സെർച്ച് കാമ്പയിൻ അവാർഡും ഇക്കുറി എയർ ഇന്ത്യ എക്സ്പ്രസ്സിനാണ്. www.airindia-express.com എന്ന എയർ ഇന്ത്യ എക്സ്പ്രസ്സിൻറെ വെബ്സൈറ്റിലെ പുരസ്കാരാർഹമായ സവിശേഷതകൾ ഇന്ത്യ ഡിജിറ്റൽ ഉച്ചകോടിയിൽ പ്രദർശിപ്പിച്ചു.

യാത്രക്കാർക്ക് മൂന്നര സെക്കൻറിനുള്ളിൽ വിമാന ടിക്കറ്റെടുക്കാവുന്നത്ര രീതിയിൽ ഉപഭോക്തൃ സൗഹൃദമായാണ് വെബ്സൈറ്റിൻറെ രൂപകൽപന.ഉച്ചകോടിയോട് അനുബന്ധിച്ച് ഇൻറർനെറ്റ് ആൻഡ് മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യ എയർ ഇന്ത്യ എക്സ്പ്രസുമായി സഹകരിച്ച് സംഘടിപ്പിച്ച മേക്ക്എതോൺ പരിപാടിയിൽ രാജ്യത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലെ യുവ ടെക്കികൾ പങ്കെടുത്തു.

വിമാന യാത്രാ മേഖലയിലെ വിവിധ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള കമ്പ്യൂട്ടർ പ്രോഗ്രാമുകൾ തയ്യാറാക്കുകയെന്ന ചലഞ്ചാണ് മേക്ക്എതോണിൽ നൽകിയത്. മികച്ച രീതിയിൽ കോഡിംഗ് തയ്യാറാക്കിയ മൂന്ന് ടീമുകൾ ക്യാഷ് പ്രൈസ് നേടി.

## യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ 3,000 കോടിയുടെ ഇക്വിറ്റി മൂലധനം സമാഹരിച്ചു

**കൊച്ചി:** പൊതുമേഖലാ ബാങ്കുകളിലൊന്നായ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ആഭ്യന്തര, വിദേശ പോർട്ട്ഫോളിയോ നിക്ഷേപകരിൽ നിന്ന് ക്വാളിഫൈഡ് ഇൻസ്റ്റിറ്റ്യൂഷൻസ് പ്ലേസ്മെന്റ് (ക്യുഐപി) വഴി 3,000 കോടി രൂപയുടെ ഇക്വിറ്റി മൂലധനം സമാഹരിച്ചു.

റെഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നിശ്ചയിച്ചിട്ടുള്ള തറ വിലയിൽ ഏകദേശം 5% കിഴിവ് പ്രതിനിധീകരിക്കുന്ന ഒരു ഷെയറൊന്നിന് ? 135.65 എന്ന നിരക്കിൽ (ഒരു ഷെയറിന് ? 125.65 പ്രീമിയം ഉൾപ്പെടെ) 3,000 കോടി രൂപയായി ബാങ്ക് 22.11 കോടി ഓഹരികൾ അനുവദിച്ചു.

ബാങ്കുകൾ, അസറ്റ് മാനേജ്മെന്റ് കമ്പനികൾ, ഇൻഷുറൻസ് കമ്പനികൾ, വിദേശ പോർട്ട്ഫോളിയോ നിക്ഷേപകർ എന്നിവ ഉൾപ്പെടുന്ന വൈവിധ്യമാർന്ന നിക്ഷേപക അടിത്തറയുടെ പങ്കാളിത്തവും വിപണിയിൽ നിന്ന് ബാങ്കിന് ശ്രദ്ധേയവും പ്രോത്സാഹജനകവുമായ പ്രതികരണം ലഭിച്ചു, അതുവഴി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ഷെയർഹോൾഡർ അടിത്തറയുടെ വൈവിധ്യവൽക്കരണം ഉറപ്പാക്കുന്നു.

മൂലധനസമാഹരണത്തെക്കുറിച്ച് യൂണിയൻ ബാങ്ക് എംഡിയും സിഇഒയുമായ എ മണിമേഖലൈ പറഞ്ഞു, ' ഈ വർഷം ക്യുഐപി വഴി സമാഹരിച്ച 3,000 കോടി രൂപ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും ഉയർന്നതും, ഒരു പൊതുമേഖലാ ബാങ്ക് ഒരു സാമ്പത്തിക വർഷത്തിൽ സമാഹരിക്കുന്ന ഏറ്റവും ഉയർന്നതുമാണ്. ബാങ്കിന്റെ വളർച്ചാ പാതയിലും സാധ്യതകളിലും നിക്ഷേപകരുടെ തുടർച്ചയായ വിശ്വാസത്തെ ഇത് പ്രകടമാക്കുന്നു.'

2023 ഡിസംബർ 31ലെ കണക്കനുസരിച്ച്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിലെ പൊതു ഓഹരി പങ്കാളിത്തം 23.01% ആണ്. ഇക്വിറ്റി മൂലധന സമാഹരണത്തിന്റെ ഫലമായി, ബാങ്കിലെ പൊതു ഓഹരി പങ്കാളിത്തം 25.24% ആയി വർദ്ധിച്ചു, തൽഫലമായി, ഇന്ത്യാ ഗവൺമെന്റിന്റെ ഓഹരി പങ്കാളിത്തം 74.76% ആയി.



# 13 റോഡുകളുടെ നിർമ്മണത്തിന് 49.5 കോടിയുടെ ഭരണാനുമതി

**കൊച്ചി:** ജില്ലയിലെ 13 റോഡുനിർമ്മാണ പദ്ധതികൾക്ക് 49.5കോടി രൂപയുടെ ഭരണാനുമതിയായെന്നു പൊതുമരാമത്ത്, ടൂറിസം മന്ത്രി അഡ്വ. പി എ മുഹമ്മദ് റിയാസ് അറിയിച്ചു. വിവിധ നിയോജകമണ്ഡലങ്ങളിലെ പ്രധാന റോഡുകൾക്കുൾപ്പെടെയാണ് അനുമതിയായത്. ആധുനിക മാനദണ്ഡങ്ങൾക്കനുസരിച്ചാകും റോഡ് നിർമ്മാണം.

കളമശേരി നിയോജകമണ്ഡലത്തിലെ ഇടപ്പള്ളി മൂവാറ്റുപുഴ റോഡിനു 1.2 കോടിയും മില്ലുപടി കാക്കുനി മസ്ജിദ് റോഡിനു 60 ലക്ഷവും സെന്റ് ജോസഫ്സ് തൃക്കാക്കര ക്ഷേത്രം യൂണിവേഴ്സിറ്റി പുന്നക്കാട്ടുമൂല സീപോർട്ട് ലൈൻ റോഡ് യൂണിവേഴ്സിറ്റി കോളനി സീപോർട്ട് റോഡ് യൂണിവേഴ്സിറ്റി റിംഗ് റോഡ് കൈപ്പടമുകൾ എച്ച്എംടി റോഡിനു അഞ്ചുകോടിയും രൂപ വീതം അനുവദിച്ചു.ആലുവയിലെ ഹെർബർട്ട് റോഡ് റീച്ച് ഒന്നിനു രണ്ടുകോടി രൂപ വിനിയോഗിക്കാനാണ് അനുമതി. ആലുവ, പറവൂർ, കളമശ്ശേരി മണ്ഡലങ്ങളിൽ ഉൾപ്പെടുന്ന പറവൂർ കവല മുതൽ അഞ്ചൽ വരെയുള്ള ആലുവ പറവൂർ റോഡ് 9 5 കോടി രൂപ ചെലവിൽ നിർമ്മിക്കും. വൈപ്പിനിലെ ചെറായി പറവൂർ റോഡിനു ഒരു കോടി രൂപയുടെയാണ് ഭരണാനുമതി. പറവൂരിലെ പഴയ എൻഎച്ച് മൂത്തകുന്നം ഫെറി ഗോതുരുത്ത് ജംഗ്ഷൻ (മൂത്തകുന്നം ജംഗ്ഷൻ ഫെറി ഒഴികെ) റോഡിനു 90 ലക്ഷം രൂപ അനുവദിച്ചു.കുന്നത്തുനാട്ടിലെ പോഞ്ഞാശ്ശേരി ചിത്രപ്പുഴ (പള്ളിക്കര ജംഗ്ഷൻ മുതൽ ചിത്രപ്പുഴ പാലം വരെ) റോഡ് നിർമ്മാണത്തിന് 12 കോടിയും പള്ളിക്കര പഴന്തോട്ടം റോഡിനു4.5 കോടിയും രൂപ വീതം അനുവദിച്ചു ഭരണാനുമതിയായി.

കോതമംഗലം മണ്ഡലത്തിലെ ശബരിമല കൊടൈക്കനാൽ സംസ്ഥാന പാത 44ലെ വെങ്ങല്ലൂർ ഊന്നുകൽ റോഡിനു 7.5 കോടി രൂപയാണ് ചെലവാക്കുക.അങ്കമാലിയിലെ വേങ്ങൂർ നായത്തോട് റോഡിനു മൂന്ന് കോടി രൂപയുടെ അനുമതിയായി. പിറവത്തെ ആഞ്ഞിലിച്ചുവട് അമ്പലംപടി റോഡിനു രണ്ടുകോടി രൂപ വിനിയോഗിക്കും. കൊച്ചിയിലെ ടൗൺ ഹാൾ റോഡ് പുനരുദ്ധാരണത്തിന് 30 ലക്ഷം രൂപയും അനുവദിച്ചു.

# ഐടി വ്യവസായ വികസനം: രാജ്യത്തെ രണ്ടാംനിര നഗരങ്ങളിൽ മുന്നിലെത്താൻ കോഴിക്കോട്

**കോഴിക്കോട്:** രാജ്യത്തെ രണ്ടാംനിര നഗരങ്ങളിൽ ഐടി വ്യവസായവുമായി ബന്ധപ്പെട്ട് ഏറ്റവുമധികം സാധ്യതയുള്ള നഗരമാണ് കോഴിക്കോടെന്ന് കെടിഎക്സ് 2024 സമ്മേളനത്തിൽ വിദഗ്ധർ അഭിപ്രായപ്പെട്ടു. നൂറ്റാണ്ടുകളുടെ പാരമ്പര്യം, ബഹുസ്വരത, ഭൂപ്രകൃതി, മികച്ച അടിസ്ഥാന സൗകര്യങ്ങൾ എന്നിവ കോഴിക്കോടിനെ വേറിട്ടു നിറുത്തുന്നുവെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടി.രാജ്യത്തെ രണ്ടാംനിര നഗരങ്ങൾക്ക് മാതൃകയാകാനുള്ള മികച്ച ശേഷി കോഴിക്കോടിനുണ്ടെന്ന് സൈബർപാർക്ക് സിഇഒ സുശാന്ത് കുറുന്തിൽ ചൂണ്ടിക്കാട്ടി.

തൊഴിലിടത്തോടുള്ള ഐടി ജീവനക്കാരുടെ കാഴ്ചപ്പാടിന് കഴിഞ്ഞ നാല് വർഷത്തിനിടയിൽ ക്രിയാത്മകമായ മാറ്റമുണ്ടായി. വൻനഗരങ്ങളോട് കിടപിടിക്കുന്ന സൗകര്യങ്ങളുള്ള ചെറുനഗരങ്ങളോടാണ് ഐടി ജീവനക്കാരുടെ സമൂഹത്തിന് ഇപ്പോൾ താത്പര്യം. ഇവരെ ആകർഷിക്കുന്നതിനുള്ള എല്ലാ വിഭവങ്ങളും കോഴിക്കോടുണ്ട്.മികച്ച ജീവിതനിലവാരം, രുചികരമായ ഭക്ഷണവൈവിദ്ധ്യങ്ങൾ, മികച്ച ഗതാഗതസൗകര്യങ്ങൾ, ഗൾഫ് രാജ്യങ്ങളുമായി തുടരുന്ന നൂറ്റാണ്ടുകളായുള്ള വാണിജ്യബന്ധം എന്നിവയെല്ലാം ഐടി വ്യവസായത്തിൻറെ വികസനത്തിന ഉപയുക്തമാക്കാവുന്ന ഘടകങ്ങളാണ്. ധനശേഷിയുള്ള വ്യക്തികളും സ്ഥാപനങ്ങളും നിരവധിയുള്ള ഈ മേഖലയിൽ ഐടി വ്യവസായത്തിലെ നിക്ഷേപത്തിനും സാധ്യതകളേറെയാണെന്ന് അദ്ദേഹം പറഞ്ഞു.സംസ്ഥാനസർക്കാർ ക്രോഡീകരിക്കുന്ന പുതിയ ഐടി നയത്തിൽ വികേന്ദ്രീകൃതമായ ഐടി വ്യവസായത്തിൻറെ സാധ്യതകളെക്കുറിച്ച് ചർച്ച ചെയ്യുന്നുണ്ടെന്ന് കേരള സ്റ്റേറ്റ് ഐടി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്(കെഎസ്ഐടിഐഎൽ) എം ഡി സന്തോഷ് ബാബു ചൂണ്ടിക്കാട്ടി. ഉപയോഗപ്പെടുത്താൻ നിരവധി സാധ്യതകളുണ്ടെന്നതാണ് കോഴിക്കോടിൻറെ ഏറ്റവും വലിയ മേ?യെന്ന് അദ്ദേഹം പറഞ്ഞു. ദേശീയപാതാവികസനത്തിലൂടെ മികച്ച റോഡ് കണക്ടിവിറ്റി, നൂറു കിമി ചുറ്റളവിൽ രണ്ട് അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, മികച്ച സൗകര്യങ്ങളുടെ സൈബർ പാർക്ക് തുടങ്ങിയവ കോഴിക്കോടിൻറെ സാധ്യതകൾ വർധിപ്പിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

ഐടി നഗരമായി മാറുന്നതിന് കോഴിക്കോട് സ്വയം പാകപ്പെടുത്തിയെടുക്കേണ്ടതുണ്ടെന്ന് ജില്ലാകളക്ടർ സ്നേഹിൽ കുമാർ സിംഗ് ചൂണ്ടിക്കാട്ടി. തമിഴ്നാട് , കർണാടകം പോലുള്ള സംസ്ഥാനങ്ങൾ മുന്നോട്ടു വയ്ക്കുന്നതു പോലുള്ള സൗകര്യങ്ങൾ കേരളത്തിൽ അപ്രായോഗികമാണ്.

എന്നാൽ കോഴിക്കോട്ടെ ബിസിനസ് സമൂഹം കൂട്ടായി പരിശ്രമിച്ചാൽ വൻകിട ഐടി കമ്പനികൾ പോലും പ്രവർത്തനം തുടങ്ങാൻ ആഗ്രഹിക്കുന്ന രീതിയിലുള്ള ആവാസവ്യവസ്ഥ ഇവിടെ ഒരുക്കാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു. ഗൾഫ് മേഖലയുമായി കോഴിക്കോടിനുള്ള പരമ്പരാഗത ബന്ധം ഐടി മേഖലയിൽ ഇപ്പോഴും സജീവമായി തുടരുന്നുണ്ടെന്ന് കോഴിക്കോട് സൈബർപാർക്ക് ജനറൽ മാനേജർ വിവേക് നായർ പറഞ്ഞു. സൈബർപാർക്കിലുള്ള പല കമ്പനികൾക്കും ഗൾഫ് മേഖലയിൽ സജീവ സാന്നിദ്ധ്യവും ഉപഭോക്താക്കളുമുണ്ട്. ഐടി കമ്പനികൾ ഈ സാധ്യത ഉപയോഗപ്പെടുത്തിയാൽ മികച്ച ഐടി നഗരമായി കോഴിക്കോട് മാറുമെന്നും അദ്ദേഹം പറഞ്ഞു. കോഴിക്കോട് സൈബർ പാർക്ക് അടക്കം ഒമ്പത് പ്രമുഖ അക്കാദമിക് വ്യവസായ സ്ഥാപനങ്ങൾ ചേർന്ന് രൂപീകരിച്ച സിഐടിഐ 2.0 (കാലിക്കറ്റ് ഇനൊവേഷൻ & ടെക്നോളജി ഇനിഷ്യേറ്റീവ്)യുടെ നേതൃത്വത്തിലാണ് കെടിഎക്സ് 2024 സംഘടിപ്പിച്ചത്.




# ഐകൂ ഇസെഡ് 9 മാർച്ച് 12ന് അവതരിപ്പിക്കും

**കൊച്ചി:** ഐകൂ മിഡ് റേഞ്ച് സ്മാർട്ട്ഫോൺ ഐകൂ ഇസെഡ് 9 മാർച്ച് 12ന് രാജ്യത്ത് അവതരിപ്പിക്കുമെന്ന് കമ്പനി വെളിപ്പെടുത്തി. ഐകൂ ഇസെഡ് 9 സ്മാർട്ട്ഫോണിന് മീഡിയടെക് ഡൈമെൻസിറ്റി 7200ചിപ്സെറ്റ് നൽകുമെന്ന് ഐകൂ സ്ഥിരീകരിച്ചു. ചിപ്സെറ്റിന് 7.3എൽ ൽ കൂടുതൽ അഇൻ ടു ടു സ്കോർ ഉണ്ടെന്ന് കമ്പനി അവകാശപ്പെടുന്നു



# ദേവ പ്രശ്നപരിഹാര പൂജകൾ സമാപിച്ചു

**കൊച്ചി:** എറണാകുളം നോർത്ത് ശ്രീമാരിയമ്മൻ കോവിലിൽ മൂന്ന് ദിവ സം നടന്നുവന്ന ദേവ പ്രശ്നപരിഹാര പൂജകൾ തന്ത്രി പുലിയന്നൂർ മന പ്രശാന്ത് നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ ബുധനാഴ്ച ഗണപതി ഹോമം, മൃത്യുഞ്ജയ ഹോമം, സുദർശന ഹോമം ആവാഹനം , ഭഗവതിസേവ, വ്യാഴാഴ്ച തിലഹോമം ,വാസ്തുബലി, വാസ്തു കലശം, വെള്ളിയാഴ്ച പഞ്ചഗവ്യം, പഞ്ചകം, കലശാഭിഷേകം,സായൂജ്യപൂജ എന്നീ ചടങ്ങുകളോടെ സമാപിച്ചു.

# നോക്കിയ ജി42 5ജിയുടെ പുതിയ 6ജിബി വേരിയന്റ് അവതരിപ്പിച്ച് എച്ച്എംഡി

**കൊച്ചി:** ഏറെ ജനപ്രിയമായ നോക്കിയ ജി42 5ജിയുടെ പുതിയ 6ജിബി വേരിയന്റ് അവതരിപ്പിച്ച് എച്ച്എംഡി. 2024 മാർച്ച് 8ന് വനിതാ ദിനത്തില് പുതിയ മോഡല് ഇന്ത്യയില് വില്പനക്കെത്തും. 9999 രൂപ വിലയില് ആമസോണ് സ്പെഷ്യല്സ്, എച്ച്എംഡി ഡോട്ട് കോം എന്നിവ വഴി എക്സ്ക്ലൂസീവായി ഉപഭോക്താക്കള്ക്ക് ഫോണ് സ്വന്തമാക്കാം. സ്നാപ്ഡ്രാഗണ് 480 പ്ലസ് 5ജി ചിപ്സെറ്റ്, 4ജിബി റാം, മൂന്ന് ദിവസം നീണ്ടുനില്ക്കുന്ന ബാറ്ററി തുടങ്ങിയവയാണ് പ്രധാന സവിശേഷതകള്.2ജിബി വെർചൽ റാം ഉൾപ്പെടെ 6ജിബി റാം+128ജിബി റോം ശേഷിയാണ് ഫോണിന്. അതിശയിപ്പിക്കുന്ന 6.56എച്ച്ഡി+ 90ഹേർട്സ് കോർണിങ് ഗോറില്ല ഗ്ലാസ് 3 ഡിസ്പ്ലേ മികച്ച കാഴ്ച്ചാനുഭവം നല്കും. 50എംപി എഎഫ് മെയിൻനക്യാമറ, രണ്ട് അധിക 2എംപി ക്യാമറ, 8എംപി ഫ്രണ്ട് ക്യാമറ, രണ്ട് വർഷത്തെ ഒഎസ് അപ്ഗ്രേഡ് ഗ്യാരണ്ടി എന്നിവയുമുണ്ട്. സോ പർപ്പിൾ, സോ ഗ്രേ എന്നീ നിറങ്ങളിലാണ് നോക്കിയ ജി42 5ജിയുടെ 6ജിബി വേരിയന്റ് വരുന്നത്.



# സ്റ്റാർട്ടപ്പുകൾക്കായി സ്കെയിൽഅപ് കോൺക്ലേവുമായി കെഎസ്ഐഡിസി

**കൊച്ചി:** കേരളം കേന്ദ്രമാക്കി സ്റ്റാർട്ടപ്പുകൾക്ക് ബിസിനസ് വിപുലീകരിക്കാനുള്ള സ്കെയിൽ അപ് പദ്ധതിയുമായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് കോർപറേഷൻ(കെഎസ്ഐഡിസി). ഇതിൻറെ ഭാഗമായി മാർച്ച് നാല് തിങ്കളാഴ്ച കൊച്ചി താജ് വിവാൻറ ഹോട്ടലിൽ സ്കെയിൽഅപ് കോൺക്ലേവ് നടത്തും.

രാവിലെ പത്ത് മണിക്ക് നടക്കുന്ന കോൺക്ലേവ് വ്യവസായകയർ നിയമ മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള 250 ഓളം സ്റ്റാർട്ടപ്പുകൾ പരിപാടിയിൽ പങ്കെടുക്കുന്നുണ്ട്.

സംസ്ഥാന വ്യവസായ വകുപ്പ് കഴിഞ്ഞ വർഷം പുറത്തിറക്കിയ വ്യവസായനയം, സ്റ്റാർട്ടപ്പുകൾക്കുള്ള ധനസഹായ പദ്ധതി എന്നിവയെക്കുറിച്ച് സംരംഭകർക്കിടയിൽ അവബോധം സൃഷ്ടിക്കാൻ കോൺക്ലേവിലൂടെ ഉദ്ദേശിക്കുന്നു.ണ്ടെന്ന് വ്യവസായവകുപ്പ് ഡയറക്ടറും കെഎസ്ഐഡിസി എംഡിയുമായ എസ് ഹരികിഷോർ പറഞ്ഞു. സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയിലെ നയകർത്താക്കൾ, മറ്റ് സ്റ്റാർട്ടപ്പുകൾ, വിദഗ്ധർ തുടങ്ങിയവരുമായി സംവദിക്കാനും നിക്ഷേപ സാധ്യതകൾ ആരായാനുമുള്ള വേദിയായി ഇത് മാറും.

നാല് സെഷനുകളാണ് കോൺക്ലേവിൽ നടക്കുന്നത്. വ്യവസായവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സുമൻ ബില്ല, ഐടി വകുപ്പ് സെക്രട്ടറി ഡോ.രത്തൻ യു കേൽക്കർ, കെഎസ്ഐഡിസി ചെയർമാൻ പോൾ ആൻറണി, എംഡി എസ് ഹരികിഷോർ, കിൻഫ്ര എംഡി സന്തോഷ് കോശി, കെഎസ് യു എം സിഇഒ അനൂപ ് അംബിക തുടങ്ങിയവർ കോൺക്ലേവിൽ സംസാരിക്കും.

കേരള, ഓപ്പർച്യുണിറ്റീസ് ഗാലോർ, മൈ ജേർണി എന്നീ വിഷയങ്ങളിലെ സെഷനുകളോടൊപ്പം, കേരള സ്റ്റാർട്ടപ്പ് ആൻഡ് സ്കെയിൽ അപ് ആവാസവ്യവസ്ഥ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങളും തന്ത്രങ്ങളും കോൺക്ലേവ് ചർച്ച ചെയ്യും.

കേന്ദ്ര വാണിജ്യ മന്ത്രാലയത്തിൻറെ പ്രോമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറേണൽ ട്രേഡ് വകുപ്പ് കേരളത്തിനെ കഴിഞ്ഞ മൂന്ന് വർഷമായി ബെസ്റ്റ് പെർഫോർമർ വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ട് പ്രകാരം അഫോർഡബിൾ ടാലൻറ് വിഭാഗത്തിൽ ഏഷ്യയിലെ ഒന്നാം സ്ഥാനവും കേരളത്തിനാണ്.

പതിന്നാല് ജില്ലകളിലായി 5000 ഓളം സ്റ്റാർട്ടപ്പുകളാണ് കേരളത്തിലുള്ളത്. നിർമ്മിതബുദ്ധി, ഹെൽത്ത് ടെക്, ഫിൻ ടെക്, എഡ്യു ടെക്, സാസ്, മാനുഫാക്ചറിംഗ് എന്നീ വിഭാഗങ്ങളിലായാണ് കേരളത്തിലെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥ കേന്ദ്രീകരിച്ചിരിക്കുന്നത്. 3000 കോടി രൂപയോളമാണ് കേരളത്തിലെ സ്റ്റാർട്ടപ്പുകൾ സമാഹരിച്ചിട്ടുള്ള നിക്ഷേപം.

താത്പര്യമുള്ള സ്റ്റാർട്ടപ്പുകൾ https://www.ksidc.org/startupconclave എന്ന വെബ്സൈറ്റിലൂടെ രജിസ്റ്റർ ചെയ്യണം. തെരഞ്ഞെടുക്കപ്പെടുന്ന സ്റ്റാർട്ടപ്പുകൾക്കാണ് പങ്കെടുക്കാൻ അവസരമുള്ളത്. രജിസ്ട്രേഷൻ സൗജന്യമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9562031048 (sarathk@ksidcmail.org) ൽ ബന്ധപ്പെടുക.

## വാക് ഇൻ ഇന്റർർവ്യൂ

**കൊച്ചി:** പുത്തൻവേലിക്കര താലൂക്ക് ആശുപത്രിയിലേക്ക് ഉച്ചയ്ക്ക് ശേഷം ലാബ് പ്രവർത്തിപ്പിക്കുന്നതിന് ഒരു ലാബ് ടോക്നീഷ്യൻ ആവശ്യമുണ്ട്. യോഗ്യരായ താത്പര്യമുള്ള ഉദ്യോഗാർത്ഥകൾ പുത്തൻവേലിക്കര താലൂക്ക് ആശുപത്രി ഓഫീസിൽ മാർച്ച് 5നക അപേക്ഷയും ബയോഡാറ്റയും സഹിതം നേരിട്ട് സമർപ്പക്കണം. യോഗ്യത: ഗവ: അംഗീകൃത സ്ഥാപനത്തിൽ നിന്നും ഡിഎംഎൽടി/ബി.എസ്.സി എംഎൽടി പാസായിരിക്കണം. കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷ9 സർട്ടിഫിക്കറ്റ്. നിയമനം താത്കാലികമായിരിക്കും.

## സൗജന്യ പരിശീലനം

**കൊച്ചി:**പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവ സബ് ജയിൽ റോഡിൽ പ്രവർത്തിക്കുന്ന ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ, എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലുള്ള പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് മൂന്നു മാസത്തെ ഡാറ്റാ എൻട്രി, ഡി.ടി.പി. കമ്പ്യൂട്ടർ കോഴ്സുകളുടെ സൗജന്യ പരിശീലനം ആരംഭിക്കുന്നു. 18 25 നും ഇടയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. അടിസ്ഥാന യോഗ്യത പത്താം ക്ലാസ്. ഡി.റ്റി.പി. കോഴ്സിന് ഡാറ്റാ എൻട്രിയോ, ഇംഗ്ലീഷ് ടൈപ്പ്റൈറ്റിംഗ് ലോവറോ തത്തുല്യ യോഗ്യതയോ ഉണ്ടായിരിക്കണം.

പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് നിയമാനുസൃതം സ്റ്റൈപ്പന്റ് ലഭിക്കും. ക്ലാസ്സിൽ ചേരാൻ താത്പര്യമുള്ളവർ ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം മാർച്ച് 13ന് വൈകിട്ട് 4.30 നകം ഈ ഓഫീസിൽ നേരിട്ടെത്തി അപേക്ഷ സമർപ്പിക്കണം.

## അവാർഡ് ജേതാക്കളെ അനുമോദിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാർ ആദ്യമായി ഏർപ്പെടുത്തിയ വ്യവസായ വാണിജ്യ വകുപ്പിന്റെ സംസ്ഥാന, ജില്ലാതല അവാർഡ് ജേതാക്കളെ എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ അനുമോദിച്ചു. ജില്ലാ പഞ്ചായത്ത് ഹാളിൽ അനുമോദന സമ്മേളനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി എ നജീബ് അധ്യക്ഷത വഹിച്ചു. സംഭരഭകർക്കുള്ള അനുമോദ സമർപ്പണം ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് നിർവഹിച്ചു. സംസ്ഥാനത്തെ മികച്ച ജില്ല വ്യവസായ കേന്ദ്രങ്ങൾക്ക് സർക്കാർ ആദ്യമായി ഏർപ്പെടുത്തിയ പുരസ്കാരങ്ങളിൽ 2022 23ലെ പ്രവർത്തന മികവിന് ഒന്നാം സ്ഥാനം നേടിയത് എറണാകുളം ജില്ലാ വ്യവസായ കേന്ദ്രമാണ്. സംരംഭക വർഷമായി സർക്കാർ ആചരിച്ച 202223 ൽ ജില്ലയിൽ പുതിയ സംരംഭങ്ങൾ ആരംഭിച്ച് എല്ലാ വകുപ്പുകളുടേയും സഹകരണത്തോടെ വ്യവസായിക അന്തരീക്ഷം മെച്ചപ്പെടുത്താനും നിക്ഷേപ സാധ്യതകൾ വർധിപ്പിച്ച് പുതിയ യൂണിറ്റുകൾ തുടങ്ങാനും കഴിഞ്ഞതായി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ പി എ നജീബ് പറഞ്ഞു. ജില്ലയിൽ ആരംഭിച്ച 14,128 സംരംഭങ്ങൾ മുഖേന 33,765 പേർക്ക് തൊഴിൽ സൃ ഷ്ടിച്ചു. 1172.48 കോടിയുടെ നിക്ഷേപം കൊണ്ടുവരാനും വ്യവസായ കേന്ദ്രത്തിന് കഴിഞ്ഞു.തിരുവനന്തപുരം ഹോട്ടൽ ഹിൽട്ടൻ ഗാർഡനിൽ വെച്ച് നേരത്തെ നടന്ന ചടങ്ങിലാണ് നിയമ വ്യവസായ കയർ മന്ത്രി പി രാജീവ് സമ്മാനദാനം നിർവഹിച്ചത്. അതിനോടൊപ്പം മികച്ച പ്രവർത്തനം കാഴ്ചവെച്ച സംരംഭങ്ങൾക്കുള്ള അവാർഡുകളും വിതരണം ചെയ്തു.പുരസ്കാര ജേതാക്കൾ: സമഗ്ര സംഭാവന പമേല അന്ന മാത്യു (മാനേജിംഗ് ഡയറക്ടർ ഒ ഇ എൻ ഇന്ത്യ ലിമിറ്റഡ്), മികച്ച ചെറുകിട ഉൽപാദന യൂണിറ്റ് കുര്യൻ ജോസ് (മറൈൻ ഹൈഡ്രോകൊളോയിഡ്സ്), മികച്ച കയറ്റുമതി അധിഷ്ഠിത യൂണിറ്റ് ജീമോൻ കെകോരത്ത് (മാൻ കങ്കോർ ഇൻക്രീഡിയൻസ് പ്രൈവറ്റ് ലിമിറ്റഡ്), മികച്ച ഉൽപാദന സംരംഭം (മൈക്രോ) അനീ പൗലോസ് (ജ്യോതി കെമിക്കൽ ഇൻഡസ്ട്രീസ്), മികച്ച ഉൽപാദന യൂണിറ്റ് (ചെറുകിട) ഷിർളിജോസ് (പോപ്പുലർ ഇൻഡസ്ട്രീസ്), രാജൻ എൻ നമ്പൂതിരി (ശ്രീധരീയം ഫാം ഹെർബ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്)മികച്ച ഉൽപാദന യൂണിറ്റ് (മീഡിയം) ജോൺ കുര്യാക്കോസ് (ഡെന്റ് കെയർ ഡെന്റൽ ലാബ് പ്രൈവറ്റ് ലിമിറ്റഡ്), പ്രത്യേകവിഭാഗം (വനിത): ഷൈലി അഷിലി(അഷിലി ഫർണീച്ചർ ഇൻഡസ്ട്രീസ്), മികച്ച കയറ്റുമതി അധിഷ്ഠിത യൂണിറ്റ് എം എസ് രാജേഷ് (അർജുന നാഷനൽ പ്രൈവറ്റ് ലിമിറ്റഡ്).




## ആകർഷകമായ ഓഫറുകൾ; അജിയോ ഓൾ സ്റ്റാർസ് സെയിൽ ആരംഭിച്ചു

**കൊച്ചി/ മുംബൈ:** ഇന്ത്യയിലെ മുൻനിര ഫാഷൻ ഇറ്റെയ്ലറായ അജിയോ 'ഓൾ സ്റ്റാർസ് സെയിൽ' പ്രഖ്യാപിച്ചു. അഡിഡാസ്, സൂപ്പർ ഡ്രൈ എന്നീ ബ്രാൻഡുകളുടെ സഹകരണത്തോടെ നടത്തുന്ന അജിയോ 'ഓൾ സ്റ്റാർസ് സെയിൽ (അഅടട)' 2024 മാർച്ച് ഒന്ന് മുതലാണ് ആരംഭിക്കുന്നത്. 6000+ ബ്രാൻഡുകളിൽ നിന്നുള്ള 1.7 ദശലക്ഷത്തിലധികം ക്യൂറേറ്റഡ് ഫാഷൻ ശൈലികൾ വാഗ്ദാനം ചെയ്യുന്ന ഉത്പന്നങ്ങൾ ഈ അവസരത്തിൽ ഉപഭോക്താക്കൾക്ക് ഷോപ്പിംഗ് നടത്താം.

പ്രമുഖ ബ്രാൻഡുകളുടെ എക്സ്ക്ലൂസീവ് ഡീലുകൾക്കൊപ്പം 5090% വരെ കിഴിവും ഉണ്ട്. 1,09,900 രൂപ വിലമതിക്കുന്ന ആപ്പിൾ ഐഫോൺ15 (512 ജി.ബി), 1,49,900 രൂപയുടെ ആപ്പിൾ മാക് ബുക്ക് (512 ജി.ബി),1,681,999 രൂപ വിലമതിക്കുന്ന സാംസങ് എസ് 23 അൾട്രാ (512 ജി.ബി) എന്നിങ്ങനെയുള്ള ആവേശകരമായ റിവാർഡുകൾ ഓരോ മണിക്കൂറിലും ലഭിക്കാനുള്ള അവസരവും വിൽപ്പനയ്ക്കിടെ മുൻനിര ഷോപ്പർമാർക്ക് ലഭിക്കുമെന്ന് അജിയോ സി.ഇ.ഒ വിനീത് നായർ പറഞ്ഞു.ഉപഭോക്താക്കൾക്ക് ഐസിഐസിഐ ബാങ്കിന്റെ ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകളിൽ 10% വരെ കിഴിവോടെ വലിയ തുക ലാഭിക്കാനും സാധിക്കും.അഡിഡാസ്, സൂപ്പർഡ്രൈ, നൈക്ക്, പ്യൂമ, പൊലീസ്, ?ഏഅജ, ഡടജഅ, അണ്ടർ ആർമർ, സ്റ്റീവ് മാഡൻ, ടോമി ഹിൽഫിഗർ, ഡീസൽ, കാൽവിൻ ക്ലീൻ, മൈക്കൽ കോർസ് തുടങ്ങിയ പ്രമുഖ കമ്പനികളുടെ ആകർഷകമായ ഓഫറുകൾ ഈ സെയിലിൽ ലഭിക്കും. അജിയോയിൽ പുതിയ 500 പുതിയ ബ്രാൻഡുകൾ കൂടി ഉൾപ്പെടുത്തിയതായും 19,000+ പിൻ കോഡുകളിലെ ഉപഭോക്താക്കൾക്ക് 'ഓൾ സ്റ്റാർസ് സെയിൽ വഴി പർച്ചേയ്സ് ചെയ്യാനുള്ള അവസരവും ഉണ്ടെന്നും വിനീത് നായർ പറഞ്ഞു.




## ചെന്നൈ ബ്ലിറ്റ്സിനെയും വീഴ്ത്തി ഡൽഹി തൂഫാൻസ്

**ചെന്നൈ:** റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23 മൂന്നാം സീസണിൽ ഡൽഹി തൂഫാൻസിന് ജയം. വെള്ളിയാഴ്ച ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ചെന്നൈ ബ്ലിറ്റ്സിനെ ഒന്നിനെതിരെ മൂന്ന് സെറ്റുകൾക്ക് തോൽപിച്ചു. സ്കോർ: 159, 1513, 1215, 1917. സന്തോഷാണ് കളിയിലെ താരം. മൂന്നാം വിജയത്തോടെ ഡൽഹി സൂപ്പർ 5 പ്രതീക്ഷകൾ സജീവമാക്കി. തോറ്റെങ്കിലും ചെന്നൈ നാലാം സ്ഥാനത്ത് തുടർന്നു. ലീഗിൽ ഇന്ന് (ശനി) ഒരു മത്സരം മാത്രം. വൈകിട്ട് 6.30ന് കാലിക്കറ്റ് ഹീറോസ് ഹൈദരാബാദ് ബ്ലാക് ഹോക്സിനെ നേരിടും. നാലിൽ മൂന്നും ജയിച്ച് 6 പോയിന്റുള്ള ഹീറോസ് നിലവിൽ രണ്ടാം സ്ഥാനത്താണ്. അതേസമയം ഒരു ജയം മാത്രമുള്ള ബ്ലാക് ഹോക്സ് രണ്ട് പോയിന്റുമായി എട്ടാം സ്ഥാനത്തും. മത്സരങ്ങൾ സോണി സ്പോർട്സ് നെറ്റ്വർക്കിലും സോണി ലിവിലും തത്സമയം കാണാം.



# നാവികസേനയുടെ ഭാഗമാകാൻ എംഎച്ച് 60 ആർ സീഹോക്സ്

**കൊച്ചി:** സ്വയം പ്രതിരോധശക്തി സംവിധാമുമുള്ള എംഎച്ച് 60 ആർ സീഹോക്സ് ഹെലികോപ്റ്ററുകൾ ഇനി നാവിക സേനയ്ക്ക് സ്വന്തം. യുദ്ധരംഗത്തിന് പുറമേ രക്ഷാപ്രവർത്തനങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്നവയാണ് ഇവ. ഇതിൽനിന്ന് മിസൈലുകളും ടോർപിഡോകളും അന്തർവാഹിനികളെ തകർക്കാനുള്ള ഡെപ്ത്ത് ചാർജറുകളും വർഷിക്കാനാകും. ഇത്തരത്തിലുള്ള 24 എണ്ണമാണ് നാവികസേനയുടെ സ്വന്തമാക്കുന്നത്.

ഇതിൽ അഞ്ചെണ്ണം ദക്ഷിണ നാവിക ആസ്ഥാനത്തും ഒരെണ്ണം ഐഎൻഎസ് വിക്രാന്ത് കപ്പലിലും സജ്ജമായി കഴിഞ്ഞു. ബാക്കിയുള്ളവ 2025ഓടെ സേനയുടെ ഭാഗമാകും. മാർച്ച് ആദ്യവാരം കേന്ദ്ര പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ് ഹെലികോപ്റ്ററിൻറെ ആദ്യ സ്ക്വാഡ്രൺ കമ്മീഷൻ ചെയ്യും.

ആറ് ഹെലികോപ്റ്ററുകളാണ് ഒരു സ്ക്വാഡ്രനിൽ ഉൾപ്പെടുന്നത്. 2020 ഫെബ്രുവരിയിൽ അമേരിക്കയുമായി ഒപ്പു വച്ച ധാരണാപത്രം പ്രകാരമാണ് ഹെലികോപ്റ്ററുകൾ വാങ്ങുന്നത്. ഇന്ത്യൻ നാവികസേനയിൽ സ്വയം പ്രതിരോധശക്തി സംവിധാമുമുള്ള ഏക ഹെലികോപ്റ്ററാണിത്.മിസൈൽ ആക്രമണങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ളവയാണ് ഇവ. എൻജിൻ എക്സ്ഹോസ്റ്റിൻറെ ചൂട് ലക്ഷ്യമാക്കി എത്തുന്ന മിസൈലുകളെ അതിലും ചൂടുള്ള തീഗോളങ്ങൾ (ഫ്ളെയർ) വർഷിച്ചാണ് ഹെലികോപ്റ്റർ സ്വയംപ്രതിരോധം തീർക്കുന്നത്. മിസൈലുകൾ തീഗോളങ്ങളുടെ ചൂടിലേയ്ക്ക് ആകർഷിക്കപ്പെടുകയാണ് ഇതിലൂടെ ചെയ്യുന്നത്.

റേഡിയോ ഫ്രീക്വൻസി ഉപയോഗിച്ച് ലക്ഷ്യം കാണുന്ന മിസൈലുകളെ 'ഷാഫ്' സംവിധാനം ഉപയോഗിച്ച് വഴി തെറ്റിച്ചുവിടാനും എംഎച്ച് 60 ആർ സീ ഹോക്സിന് സാധിക്കും. റഡാറുകളെ റിഫ്ളക്ട് ചെയ്യുന്ന അലുമിനിയം പൊടി പോലെയുള്ള വസ്തുക്കൾ നിറച്ച് പുറത്തേയ്ക്ക് വിട്ട് പൊട്ടിത്തെറി സൃഷ്ടിക്കുകയാണ് ചെയ്യുക. മിസൈലുകളെ ഈ ലക്ഷ്യത്തിലേയ്ക്ക് വഴി തിരിച്ചുവിട്ട് ഹെലികോപ്റ്ററിനെ സംരക്ഷിക്കുകയും ചെയ്യും.

ഹെലികോപ്റ്ററിൽ രണ്ട് പൈലറ്റുമാരും നേവൽ എയർ ഓപ്പറേഷൻസ് ഓഫീസറുമാണുണ്ടാവുക. നിലവിൽ രണ്ട് വനിതകൾ സീഹോക്സിൻറെ ഭാഗമാണ്. സബ് ലെഫ്റ്റനൻറുമാരായ എ. രമയും, ഖ്യാതി മോഹനുമാണ് നേവൽ എയർ ഓപ്പറേഷൻസ് ഓഫീസർമാരായി പ്രവർത്തിക്കുന്നത്. ഓട്ടോ പൈലറ്റ് സംവിധാനം എംഎച്ച് 60 ആർ സീ ഹോക്സിൻറെ മറ്റൊരു പ്രത്യേകതയാണ്.

ഒമ്പത് മാസം നീളുന്ന പരിശീലനമാണ് ഹെലികോപ്റ്റർ ഉപയോഗിക്കാൻ പൈലറ്റുമാർക്ക് നൽകിയിട്ടുള്ളത്. ഈ സംഘത്തിൽ മലയാളിയായ പാലക്കാട് സ്വദേശി അജേഷും ഉൾപ്പെടുന്നു. ആദ്യ അഞ്ച് ബാച്ചിന് അമേരിക്കയിലാണ് പരിശീലനം ലഭിച്ചത്.

# ജൽജീവൻ പദ്ധതി: റോഡുകളുടെ പുനർനിർമാണം വൈകുന്നു

**ആലുവ:** ജൽജീവൻ പദ്ധതിക്കായി ഏറ്റെടുത്ത റോഡുകൾ 15ഓടെ പൊതുമരാമത്ത് വകുപ്പിന് കൈമാറുമെന്ന് ജല അഥോറിറ്റി. പദ്ധതി നീളുന്നതിനാൽ ഉഴുതു മറിച്ച രീതിയിൽ റോഡുകൾ കിടക്കുന്നതിനെതിരെ ശക്തമായ പ്രതിഷേധം ആലുവ എംഎൽഎ ഉയർത്തിയതോടെയാണ് അവലോകന യോഗത്തിൽ ഉദ്യോഗസ്ഥർ ഉറപ്പു നൽകിയത്.

ആലുവ നിയോജക മണ്ഡലത്തിലെ ആലുവപെരുമ്പാവൂർ, കരിയാട്എയർപോർട്ട്, മെയ്ക്കാട്പൊയ്ക്കാട്ടുശേരി എന്നീ റോഡുകൾ ബിഎംബിസി നിലവാരത്തിൽ നിർമിക്കാനുള്ള ടെൻഡർ നടപടികൾ വൈകിയാണെങ്കിലും മാസങ്ങൾക്ക് മുമ്പേ പൂർത്തിയായതാണ്. എന്നാൽ ജൽജീവൻ പദ്ധതിയിലുൾപ്പെടുത്തി കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി പ്രഖ്യാപിച്ചതോടെ റോഡ് വാട്ടർ അഥോറിറ്റിക്ക് കൈമാറി.

പിന്നീട് റോഡിനിരുവശവും ഭീമൻ ഭൂഗർഭ പൈപ്പുകൾ ഇടുന്നതിനാൽ പലയിടത്തും ടാറിട്ട ഭാഗങ്ങൾ നാമമാത്രമായി. മാത്രമല്ല പദ്ധതി ഒച്ചിഴയും വേഗത്തിലാണ് മുന്നോട്ട് പോയത്. ഈ വർഷം ജനുവരി 15, ഫെബ്രുവരി 15 എന്നിങ്ങനെ പൂർത്തീകരണ തീയതികൾ പ്രഖ്യാപിച്ചതല്ലാതെ പദ്ധതി അവസാനിച്ചില്ല.

ഏറ്റവും വാഹന തിരക്കേറിയ ആലുവ  പെരുമ്പാവൂർ കെഎസ്ആർടിസി റൂട്ടിൽ അപകടങ്ങൾ പതിവായിരിക്കുകയാണ്. കുഴി കാണുമ്പോൾ ബ്രേക്കിട്ടാണ് വാഹനങ്ങളുടെ കൂട്ടയിടിയടക്കം പല അപകടങ്ങളും ഉണ്ടാകുന്നത്. ഇതേത്തുടർന്ന് തർക്കങ്ങളും റോഡിൽ പതിവാണ്. ആലുവ പെരുമ്പാവൂർ റോഡിന് 5.12 കോടി, കരിയാട്എയർപോർട്ട് റോഡിന് 2.69 കോടി, മെയ്ക്കാട്  പൊയ്ക്കാട്ടുശേരി റോഡിന് മൂന്ന് കോടി എന്നിങ്ങനെയാണ് ഫണ്ടനുവദിച്ചിട്ടുള്ളത്. വാട്ടർ അഥോറിറ്റി ഉദ്യോഗസ്ഥരും കരാറുകാരും അടിയന്തര പ്രാധാന്യം നൽകി റോഡ് നിർമാണം പൂർത്തീകരണമെന്നും എത്രയും വേഗം പൊതുമരാമത്തിന് കൈമാറണമെന്നും അൻവർ സാദത്ത് എംഎൽഎ യോഗത്തിൽ ആവശ്യപ്പെട്ടു.

# നീതി മെഡിക്കൽ സ്കീം രജത ജൂബിലി ആഘോഷം ഞായറാഴ്ച

**തിരുവനന്തപുരം** നീതി മെഡിക്കൽ സ്കീമിന്റെ രജത ജൂബിലി ആഘോഷം ഞായറാഴ്ച (മാർച്ച് 3ന്) അങ്കമാലി അഡ്ലക്സ് കൺവെൻഷൻ സെന്ററിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 25 വർഷം പൂർത്തിയാക്കുന്ന നീതി മെഡിക്കൽ സ്കീമിൽ നടപ്പിലാക്കുന്ന നൂതന പദ്ധതികളുടെ പ്രഖ്യാപനവും, ത്രിവേണി ബ്രാൻഡിൽ വിപണിയിലിറക്കുന്ന വിവിധ ഉത്പ്പന്നങ്ങളുടെ വിപണനോദ്ഘാടനവും മുഖ്യമന്ത്രി നിർവ്വഹിക്കും.

ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2ന് ആരംഭിക്കുന്ന പരിപാടിയിൽ സഹകരണ വകുപ്പ് മന്ത്രി വി.എം വാസവൻ അധ്യക്ഷത വഹിക്കും. നീതി മെഡിക്കൽ സ്റ്റോറുകളിൽ പ്രവർത്തന മികവ് തെളിയിച്ച സഹകരണ സംഘം ഭാരവാഹികളെ വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് ആദരിക്കും. കലാ കായിക പഠനരംഗങ്ങളിൽ മികവ് പുലർത്തിയിട്ടുള്ള കൺസ്യൂമർഫെഡ് ജീവനക്കാരുടെ മക്കൾക്കുള്ള ഉപഹാരങ്ങൾ റോജി എം ജോൺ എം.എൽ.എ. വിതരണം ചെയ്യും.

നീതി സ്കീമിൽ നടപ്പിലാക്കുന്ന പുതിയ സോഫ്റ്റ് വെയർ പി.നന്ദകുമാർ എം.എൽ.എ ലോഞ്ച് ചെയ്യും. മികച്ച പ്രകടനം കാഴ്ച്ചവച്ച കൺസ്യൂമർഫെഡ് വെയർ ഹൗസ്, നീതി മെഡിക്കൽ സ്റ്റോർ എന്നിവയ്ക്കുള്ള അവാർഡുകൾ കേരളാ ബാങ്ക് പ്രസിഡന്റ് ഗോപി കോട്ടമുറിക്കൽ വിതരണം ചെയ്യും.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663